(ഡി) താമസിക്കാതെ പണി ആരംഭിക്കുവാനുള്ള നടപടി എടുത്തു വരുന്നു.

മോസ്കോ യുവജനമേള

25 [52] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മോസ്കോ യുവജനമേളയിൽ കേരളത്തിൽനിന്നും ആരെല്ലാമാണ് പങ്കെടുത്തത്;

(ബി) അവർ ഏതെല്ലാം സംഘടനകളെയാണ് പ്രതിനിധീകരിച്ചത്;

(സി) ഏതു മാനദണ്ഡമനുസരിച്ചാണ് തിരഞ്ഞെടുപ്പ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) മോസ്കോ യുവജനമേളയ്ക്ക് ഗവൺമെന്റിൽ നിന്ന് ആരെയും തിരഞ്ഞെടുത്ത് അയച്ചിട്ടില്ല. അതുകൊണ്ട് അതേക്കുറിച്ചുള്ള വിശദവിവരങ്ങൾ ഗവൺമെന്റിൽ ലഭ്യമല്ല.

ദേശീയപതാക ഉയർത്താത്ത സംസ്ഥാനത്തെ സർക്കാർ ആഫീസുകൾ

26 [53] ശ്രീ. ലോനപ്പൻനമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഇൻഡ്യൻ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക ഉയർത്താത്ത സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഏതെങ്കിലുമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം;

(സി) ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി) സ്വാതന്ത്ര്യദിനത്തിൽ ഏതെങ്കിലും സർക്കാരാഫീസിൽ ദേശീയപതാക ഉയർത്താതിരുന്നതായി ഗവൺമെന്റിന് അറിവില്ല.

പത്രപ്രവർത്തകർക്കുവേണ്ടിയുള്ള പെൻഷൻ പദ്ധതി

27 [55] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കുവേണ്ടി ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുസംബന്ധിച്ച് സംസ്ഥാന പത്രപ്രവർത്തക യൂണിയനുമായി വല്ല ചർച്ചയും നടത്തുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ അവരുടെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശമില്ല.

(ബി) പ്രസക്തമല്ല.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

സംസ്ഥാനത്തെ പാർട്ടൈം ലാ ലക്ചറേഴ്സിന് ഫെസ്റ്റിവൽ അലവൻസ്

28 [56] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

സംസ്ഥാനത്തെ പാർട്ടൈം ലാ ലക്ചറേഴ്സിന് ഫെസ്റ്റിവൽ അലവൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള പാർട്ടൈം ലാ ലക്ചറേഴ്സ് അസോസിയേഷൻ സെക്രട്ടറി ശ്രീ. സി. ശ്രീധരൻ 22-7-1985-ൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പാർട്ടൈം ലാ ലക്ചറേഴ്സിന് ഫെസ്റ്റിവൽ അലവൻസ് ലഭിക്കാൻ അർഹത ഉണ്ടോ എന്ന് ധനകാര്യവകുപ്പ് ഇപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മത്സ്യത്തൊഴിലാളി ലൈസൻസ് ഫീസ്

29 [57] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ഫീസ് 4 രൂപ ആയിരുന്നത് 25 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഫീസ് വർദ്ധിപ്പിച്ച നടപടി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലാ മത്സ്യത്തൊഴിലാളിയൂണിയൻ (സി.ഐ.ടി.യു.) സെക്രട്ടറി 22-7-1985-ന് മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15-7-1980-ലെ ജി. ഒ. എം. എസ്. 80/80/ എഫ് ആൻഡ് പി. ഡി. എന്ന ഉത്തരവുപ്രകാരം ഈനിവലകളുടെ ലൈസൻസ് 4 രൂപയിൽനിന്നും 25 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly